അനുശോചിച്ചു

ചാലക്കുടി മുൻ എംഎൽഎയും കേരള കോൺഗ്രസ് ജില്ലാ പ്രസിഡന്റുമായിരുന്ന അഡ്വ.പി.കെ.ഇട്ടൂപ്പിന്റെ മകൻ പി. ഐ. ജോർജിന്റെ നിര്യാണത്തിൽ മന്ത്രി റോഷി അഗസ്റ്റിൻ അനുശോചിച്ചു. ജോർജിന്റെ വസതി മന്ത്രി സന്ദർശിച്ചു. കേരള കോൺഗ്രസ് (എം) നേതാക്കളായ അഡ്വ.പി.ഐ. മാത്യു, പോളി ഡേവീസ്, ബാബു തോമ്പ്ര,നിക്സൻ പൊടുത്താസ്, പോളി റാഫേൽ, പോൾ ടി. കുര്യൻ, തങ്കച്ചൻ, നന്ദകുമാർ തോട്ടാപ്പിള്ളി മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു.

അപേക്ഷ ക്ഷണിച്ചു

മാള : കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പോളിടെക്നിക് കോളെജുകളിലെ മൂന്ന് വർഷ - രണ്ട് വർഷ (ലാറ്ററൽ എൻട്രി) ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. അഡ്മിഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയാൻ താല്പര്യമുള്ള വിദ്യാർഥികൾ മാള ഹോളി ഗ്രേസ് പോളിടെക്നിക് കോളെജിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കിൽ ബന്ധപ്പെടണം. ഫോൺ-8086097900, 9446724896.

ശാഖ നേതൃസംഗമം

കൊടുങ്ങല്ലൂർ: എസ്എൻഡിപി യോഗം കൊടുങ്ങല്ലൂർ യൂണിയന്റെ തെക്ക്-കിഴക്കൻ മേഖല ശാഖ നേതൃസംഗമം നടത്തി. യോഗം കൗൺസിലറും യൂണിയൻ കൺവീനറുമായ പി.കെ. പ്രസന്നൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ ചെയർമാൻ പി.കെ. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. അഡ്മിനിസ്ട്രേറ്റിവ് കമ്മറ്റിയംഗങ്ങളായ എം.കെ.തിലകൻ മുഖ്യപ്രഭാഷണവും ദിനിൽ മാധവ് ആമുഖ പ്രഭാഷണവും നടത്തി. വിവിധ മേഖലകളിൽ മികവ് തെളിയിച്ച രമ ശിവരാമൻ, അംബിക എം.പി. എന്നിവരെ അനുമോദിച്ചു. ഡിൽഷൻ കൊട്ടേക്കാട്, കെ.ഡി.വിക്രമാദിത്യൻ, കെ.എസ്.ശിവറാം, സി.കെ. സമൽ രാജ്, കെ.എൻ.രഘു പ്രസംഗിച്ചു.

പൂർവ വിദ്യാർഥി സംഗമം

കൊടുങ്ങല്ലൂർ: പനങ്ങാട് ഹൈസ്കൂളിലെ 1975 എസ്.എസ്.എൽ.സി. ബാച്ച് വിദ്യാർഥികൾ 48 വർഷങ്ങൾക്ക് ശേഷം പഠിപ്പിച്ച അധ്യാപകരോടൊപ്പം ഒത്തുചേർന്നു. ഒരുവട്ടം കൂടി എന്ന പേരിൽ സംഘടിപ്പിച്ച സംഗമത്തിൽ എൺപതോളം പൂർവവിദ്യാർഥികൾ പങ്കെടുത്തു. കാവ്യാലാപനവും സംഗീതവിരുന്നും ഉണ്ടായി. സംഗമത്തിൽ പങ്കെടുത്ത അധ്യാപകരെ ഉപഹാരങ്ങൾ നൽകി ആദരിച്ചു. സോമസുന്ദരൻ, സന്തോഷ്, യു.എസ്. മോഹനൻ, അശോകൻ, പി.ബി.മോഹനൻ, ഇന്ദിരാ പ്രസാദ് നേതൃത്വം നൽകി.

'സഹയാത്രികർ' പ്രകാശനം ചെയ്തു

ഇരിങ്ങാലക്കുട : കെഎസ്ഇബി മുൻ ഉദ്യോഗസ്ഥനും ഇരിങ്ങാലക്കുട സ്വദേശിയുമായ കെ.വേണുഗോപാൽ രചിച്ച 'സഹയാത്രികർ' നോവൽ പിന്നണി ഗായിക ദുർഗ വിശ്വനാഥ് പ്രകാശനം ചെയ്തു. യുവനടൻ ഇന്നസെന്റ് ആദ്യപ്രതി ഏറ്റുവാങ്ങി. മുൻ എംപി പ്രൊഫ.സാവിത്രി ലക്ഷ്മണൻ അധ്യക്ഷത വഹിച്ചു. ശ്രീ കൂടൽമാണിക്യം ദേവസ്വം ചെയർമാൻ അഡ്വ.സി. കെ. ഗോപി, പ്രൊഫ.വി.കെ. ലക്ഷ്മണൻ നായർ, എഴുത്തുകാരായ രാധാകൃഷ്ണൻ വെട്ടത്ത്, അരുൺ ഗാന്ധിഗ്രാം, സ്മൃതി വേണുഗോപാൽ, കെ. വേണുഗോപാൽ പ്രസംഗിച്ചു.

എം.പി. വിരേന്ദ്രകുമാർ അനുസ്മരണം

ഗുരുവായൂർ: മാതൃഭൂമി മാനേജിങ് ഡയറക്ടറായിരുന്ന എം. പി. വീരേന്ദ്രകുമാറിന്റെ നാലാം ചരമ വാർഷിക ദിനം ആചരിച്ചു. ഉണ്ണികൃഷ്ണൻ പുതൂർ സ്മാരക ട്രസ്റ്റ് ആൻഡ് ഫൗണ്ടേഷൻ സംഘടിപ്പിച്ച അനുസ്മരണ ചടങ്ങ് എൽഡിഎഫ് ജില്ലാ കൺവീനർ കെ.വി. അബ്ദുൾ ഖാദർ ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർമാൻ എം.കൃഷ്ണദാസ്, കൗൺസിലർ ശോഭ ഹരിനാരായണൻ, നഗരസഭ പ്രതിപക്ഷ നേതാവ് കെ.പി.ഉദയൻ, ഷാജു പുതൂർ, പി.ഐ.സൈമൺ, ഒ.കെ.ആർ.മണികണ്ഠൻ, രവി ചങ്കത്ത്, കല്ലൂർ ഉണ്ണികൃഷ്ണൻ, ബാലൻ വാറനാട്ട് പ്രസംഗിച്ചു.

അനധികൃത അറവുശാല അടച്ചുപൂട്ടാൻ ഉത്തരവ്

ചാലക്കുടി, കോടശേരി ഗ്രാമപഞ്ചായത്തിന്റെ അനുമതി ഇല്ലാതെ പ്രവർത്തിച്ചിരുന്ന അറവുശാല അടച്ചുപൂട്ടാൻ പഞ്ചായത്ത് സെക്രട്ടറി ഉത്തരവിട്ടു. അറവുശാലയുടെ പ്രവർത്തനം മൂലം ജനങ്ങൾക്ക് അർദ്ധരാത്രിയിൽ പോലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും ദുർഗന്ധം അനുഭവപ്പെടുന്നതായും സമീപവാസികൾ പരാതി നൽകിയിരുന്നു.പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നടത്തിയ അന്വേഷണത്തിൽ അറവുശാലയുടെ പ്രവർത്തനം അശാസ്ത്രീയവും അനധികൃതവും വൃത്തിഹീനവുമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അടച്ചുപൂട്ടാൻ അധികൃതർ ഉത്തരവിട്ടത്.

കോൺഗ്രസ് പ്രതിഷേധ ധർണ ഡിസിസി സെക്രട്ടറി ടി.എം. നാസർ ഉദ്ഘാടനം ചെയ്യുന്നു.

റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കണം

കൊടുങ്ങല്ലൂർ: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കൊടുങ്ങല്ലൂർ മണ്ഡലം കോൺഗ്രസ് കമ്മിറ്റി ചന്തപ്പുര പവിഴം ജ്വല്ലറി ജങ്ഷന് സമീപം പ്രതിഷേധ ധർണ നടത്തി. ചന്തപ്പുര ഉഴുവത്ത് കടവ് റോഡിന്റെ ശോച്യാവസ്ഥ പരിഹരിച്ച് സഞ്ചാരയോഗ്യമാക്കുക, വാർഡ് കൗൺസിലറുടെയും നഗരസഭയുടെയും അവഗണന അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചായിരുന്നു ധർണ. ഡിസിസി ജനറൽ സെക്രട്ടറി ടി.എം. നാസർ ഉദ്ഘാടനം ചെയ്തു.

മണ്ഡലം പ്രസിഡന്റ് പി.വി. രമണൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പ്രസിഡന്റ് ഇ.എസ്. സാബു മുഖ്യപ്രഭാഷണം നടത്തി. എ.ആർ. ബൈജു, കെ. പി. സുനിൽ കുമാർ, ഡിൽഷൻ കൊട്ടേക്കാട്ട്, അഡ്വ. ഒ.എസ്. സുജിത്ത്, വി.എൻ. പ്രദീപ്, ദാസൻ തേവാലിൽ പ്രസംഗിച്ചു.

ഗുരുവായൂർ ദേവസ്വത്തിന് സ്പെഷൽ പവലിയൻ അവാർഡ്

ഗുരുവായൂർ : തൃശൂർ പൂരം പ്രദർശനത്തിൽ സ്പെഷൽ പവലിയനുള്ള അവാർഡ് ഗുരുവായൂർ ദേവസ്വത്തിന് ലഭിച്ചു. ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണനിൽ നിന്നും ഗുരുവായൂർ ദേവസ്വത്തിനു വേണ്ടി പബ്ലിക്കേഷൻ അസി. മാനേജർ കെ.ജി. സുരേഷ് കുമാർ, ചുമർചിത്ര പഠന കേന്ദ്രം ചീഫ് ഇൻസ്ട്രക്ടർ എം നളിൻ ബാബു, പി ആർഒ വിമൽ ജി നാഥ് എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി. പൂരം പ്രദർശനത്തിന്റെ സമാപന സമ്മേളനത്തിലായിരുന്നു അവാർഡ് സമർപ്പണം. റവന്യൂ മന്ത്രി കെ. രാജൻ, പി. ബാലചന്ദ്രൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ്, കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ. എം.കെ. സുദർശനൻ, ജനപ്രതിനിധികൾ, പൂരം സംഘാടക സമിതി ഭാരവാഹികൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായി. തുടർച്ചയായ മൂന്നാം വർഷമാണ് പൂരം പ്രദർശനത്തിൽ ദേവസ്വത്തിന് അവാർഡ് ലഭിക്കുന്നത്.

വാർഷികാഘോഷം നടത്തി

ഇരിങ്ങാലക്കുട : സെന്റ് തോമസ് കത്തീഡ്രൽ ഇടവകയിലെ ചൈതന്യ കുടുംബ യൂണിറ്റ് 43-ാം വാർഷികാഘോഷം രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ ഇടവക വികാരി ഡോ.പ്രൊഫ.ലാസർ കുറ്റിക്കാടൻ അധ്യക്ഷത വഹിച്ചു. ക്രൈസ്റ്റ് ആശ്രമം പ്രിയോർ ഫാ.ജോയ് പീണിക്കപ്പറമ്പിൽ വിശിഷ്ടാതിഥിയായി. കത്തീഡ്രൽ ഇടവക അസി. വികാരിമാരായ ഫാ.ഹാലിറ്റ് തുലാപറമ്പൻ, ഫാ.ഗ്ലിഡിൻ പഞ്ഞിക്കാരൻ, ഫാ. ജോസഫ് പയ്യപ്പിള്ളി, സിസ്റ്റർമാരായ അർപ്പിത, ഈവ് ലിൻ, വാർഡ് കൗൺസിലർ ബിജു പോൾ അക്കരക്കാരൻ, കൈക്കാരൻമാരായ ലിംസൺ ഊക്കൻ, ആന്റണി കണ്ടംകുളത്തി, കേന്ദ്രസമിതി പ്രസിഡന്റ് ജോമി ചേറ്റുപുഴക്കാരൻ, ആന്റു കുറുവീട്ടിൽ, ബിജി ബാബു അയ്യംമ്പിള്ളി, വിനു ആന്റണി, നിത്യ ജോഷി കുന്നിക്കുരു പ്രസംഗിച്ചു. എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർഥികളെ മെമന്റോയും ക്യാഷ് അവാർഡും നൽകി ആദരിച്ചു. 36 വർഷം ചൈതന്യ യൂണിറ്റിന്റെ പ്രസിഡന്റായി സേവനം ചെയ്ത മുൻ പ്രസിഡന്റ് വിക്ടറി തൊഴുത്തും പറമ്പിലിനെ ആദരിച്ചു. വലിയ നോമ്പിൽ മുടങ്ങാതെ ദിവ്യബലിയിൽ പങ്കെടുത്ത കുട്ടികളെ സമ്മാനങ്ങൾ നൽകി അനുമോദിച്ചു. ജോസ് കുറുവീട്ടിൽ, ടോമി കണ്ടംകുളത്തി, ജെസ്റ്റിൻ ബാലുമ്മൽ ജിസ്റ്റോ ജോസ്, മോളി പോൾ കിട്ടത്ത്, ഷിജി ജോളി നേതൃത്വം നൽകി.

'സന്തോഷത്തിന്റെ കാവൽക്കാരൻ' : ഷോർട്ട് ഫിലിമിന് ആശംസകളുമായി ബിഷപ്പ്

ഇരിങ്ങാലക്കുട : 'ദിവ്യകാരുണ്യ നാഥനായ യേശുക്രിസ്തുവിലാണ് യഥാർത്ഥ സന്തോഷം' എന്ന ആശയത്തെ ആസ്പദമാക്കി നിർമിച്ച 'സന്തോഷത്തിന്റെ കാവൽക്കാരൻ' എന്ന ഷോർട്ട് ഫിലിമിന് ആശംസകളുമായി ഇരിങ്ങാലക്കുട രൂപതാ അധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ. ബിഷപ്പ് ഹൗസിൽ നടന്ന ചടങ്ങിൽ ഷോർട്ട് ഫിലിം സംവിധായകൻ പ്രിൻസ് ഡേവീസ് തെക്കൂടൻ, ക്യാമറാമാൻ അഖിൽ റാഫേൽ, പ്രധാന കഥാപാത്രം ചെയ്ത ഷോണി തെക്കൂടൻ, പ്രൊഡ്യൂസർ ആനി ഡേവീസ് പങ്കെടുത്തു.

കരുവന്നൂർ, ചെറിയ പാലം, ഇരിങ്ങാലക്കുട, എടത്തിരുത്തി എന്നിവിടങ്ങളിലായാണ് ചിത്രീകരണം നടന്നത്. ജോസ് ഇലഞ്ഞിക്കലാണ് കോ-പ്രൊഡ്യൂസർ. എഡിറ്റർ വിബിൻ മാത്യു, സൗണ്ട് ഡിസൈൻ സിനോജ് ജോസ്, പോസ്റ്റർ ഡിസൈൻ ഐബി മൂർക്കനാട്.പരിയാരം ഇടവക വികാരി ഫാ.വിൽസൻ എലുവത്തിങ്കൽ കൂനൻ ഷോർട്ട് ഫിലിമിൽ മികച്ച വേഷം ചെയ്തിട്ടുണ്ട്. ഒരു വൈദികന്റെ ജീവിത വഴികളെ ബന്ധപ്പെടുത്തിയുള്ളതാണ് കഥാപശ്ചാത്തലമെങ്കിലും സന്യസ്തരെയും അല്മായരെയും സ്വാധീനിക്കുന്ന ചില വിശുദ്ധ വിചാരങ്ങൾ കൂടി ഷോർട്ട് ഫിലിമിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സംവിധായകൻ പ്രിൻസ് ഡേവീസ് തെക്കൂടൻ പറഞ്ഞു. കരുവന്നൂർ സെന്റ് മേരീസ് പള്ളിയാണ് പ്രിൻസ് ഡേവീസ് തെക്കൂടന്റെ ഇടവക. കൊടകര സഹൃദയ ഓട്ടോണമസ് എൻജിനീയറിങ് കോളെജിൽ മീഡിയ കോർഡിനേറ്ററായി പ്രവർത്തിക്കുന്നു. ജോസഫ് ഡ്രീംസ് എന്ന യൂട്യൂബ് ചാനലിൽ ഫിലിം പുറത്തിറങ്ങി.

തൃശൂർ മാനേജ്മെന്റ് അസോസിയേഷൻ ഏർപ്പെടുത്തിയ നഴ്സിങ് എക്സലൻസിനുള്ള ഫ്ളോറൻസ് നൈറ്റിൻഗേൽ അവാർഡ് ലഭിച്ച സിസ്റ്റർ ലിഖിത (അമല മെഡിക്കൽ കോളെജ് ചീഫ് നഴ്സിങ് ഓഫീസർ).

തമിഴ്നാട് കേന്ദ്ര സർവകലാശാലയിൽ നിന്നു ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ ജിയോ സണ്ണി കാഞ്ഞാണി. കരാഞ്ചിറക്കൽ കുടുംബത്തിലെ പരേതനായ സണ്ണിയുടെയും ലൈസയുടെയും മകനാണ്.

തമിഴ്നാട് കേന്ദ്ര സർവകലാശാലയിൽ നിന്നു ഫിസിക്സിൽ (നോൺലീനിയർ ഡൈനാമിക്സ്) ഡോക്ടറേറ്റ് നേടിയ ക്രിസ്റ്റി മരിയ ജോയി. കാഞ്ഞാണി കരാഞ്ചിറക്കൽ ഡോ.ജിയോ സണ്ണിയാണ് ഭർത്താവ്.

ന്യൂനപക്ഷ വിദ്യാർഥികൾക്ക് സൗജന്യ പി എസ് സി പരിശീലനം

കൊടുങ്ങല്ലൂർ: സംസ്ഥാന ന്യൂനപ ക്ഷ ക്ഷേമ വകുപ്പിന് കീഴിൽ തൃശൂർ ജില്ലയിൽ കൊടുങ്ങല്ലൂരിൽ പ്രവർത്തിക്കുന്ന മത്സരപരീക്ഷ പരിശീലന കേന്ദ്രമായ കോച്ചിങ് സെൻറർ ഫോർ മൈനോറിറ്റി യൂത്ത് റെഗുലർ ഹോളിഡേ ബാച്ചുകളി ലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ജൂലൈ ഒന്നിന് ആരംഭിക്കുന്ന ആറുമാസം ദൈർഘ്യമുള്ള സൗജ ന്യ കോഴ്സുകളിലേക്ക് ന്യൂനപക്ഷ ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം.

അപേക്ഷ ഫോറത്തിനും വിശദ വിവരങ്ങൾക്കും സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ചേര മാൻ ജുമാ മസ്ജിദ് ബിൽഡിങ്, കൊടുങ്ങല്ലൂർ. എന്ന വിലാസത്തിൽ ബന്ധപ്പെടുക.ഫോൺ:0480-2804859,7994324200.ഹോളിഡേ ബാ ച്ചുകളിലേക്കായി സബ് സെന്ററു കളായ എക്സൽ അക്കാദമി, ബി ഷപ്പ് ഹൗസ്,തൃശൂർ, തണൽ ചാരിറ്റബിൾ ട്രസ്റ്റ്, കേച്ചേരി എന്ന വിലാസത്തിൽ ബന്ധപ്പെടുക ഫോൺ: എക്സൽ അക്കാദമി:9847176637 തണൽ ചാരിറ്റബിൾ ട്രസ്റ്റ്: 974752 018.

സർഗോത്സവം സമാപന സമ്മേളനം

ഇരിങ്ങാലക്കുട : ബാലസംഘം എടതിരിഞ്ഞി മേഖലാ കമ്മിറ്റി സംഘടിപ്പിച്ച സർഗോത്സവം 2024 സമാപന സമ്മേളനം മന്ത്രി ഡോ.ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. പടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിജി രതീഷ് അധ്യക്ഷത വഹിച്ചു. കലാകാരൻ രഞ്ജു കാർത്ത്യായനി മുഖ്യാതിഥിയായി.എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർഥികളെ അനുമോദിച്ചു. ബാലസംഘം ഇരിങ്ങാലക്കുട ഏരിയ കമ്മിറ്റിയുടെ ആഭേരി ബാങ്കിലെ കൂട്ടുകാർ സംഗീത പരിപാടി അവതരിപ്പിച്ചു. സോമൻ രമേഷ് ചൂണ്ടൽ, രഞ്ജു കാർത്ത്യായനി ക്ലാസുകൾ നയിച്ചു. സരള വിക്രമൻ, രാജേഷ് അശോകൻ, പീതാംബരൻ എടച്ചാലി, ഗിരീഷ് ആനമ്പലം, ഷാലി ദിലീപൻ, മായാലക്ഷ്മി, അമൃത ഷാജി, ഒ.എൻ. അജിത്കുമാർ, കെ.വി. സുകുമാരൻ, വി നോദ് എടതിരിഞ്ഞി, എൻ.എം. ജയരാജൻ പ്രസംഗിച്ചു

എൻസിസി ക്യാംപ് സന്ദർശിച്ചു

ഇരിങ്ങാലക്കുട : സെന്റ് ജോസഫ്സ് കോളെജിൽ തൃശൂർ ഏഴാം കേരള ഗേൾസ് ബറ്റാലിയൻ നടത്തുന്ന വാർഷിക ക്യാംപിൽ ഗ്രൂപ്പ് കമാൻഡർ കമഡോർ സൈമൺ മത്തായി സന്ദർശനം നടത്തി. ഗാർഡ് ഓഫ് ഓണർ സ്വീകരിച്ച ശേഷം അദ്ദേഹം അമർ ജവാനിൽ റീത്ത് സമർപ്പിച്ചു. തുടർന്ന് അമർ ജവാനിൽ വൃക്ഷത്തൈ നട്ടു. ക്യാംപിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച കേഡറ്റുകൾക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്തു. ക്യാംപ് കമാൻഡന്റ് ലഫ്റ്റനന്റ് കേണൽ ബി ബിജോയ്, സെന്റ് ജോസഫ്സ് കോളെജ് ഒഫിഷിയേറ്റിങ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ റോസ് ബാസ്റ്റിൻ സന്നിഹിതരായിരുന്നു. പത്ത് ദിവസമായി നടക്കുന്ന ക്യാംപിൽ ഡ്രിൽ, ആയുധ പരിശീലനം, ഭൂപട പഠനം, ഫീൽഡ് ക്രാഫ്റ്റ് ആൻഡ് ബാറ്റിൽ ക്രാഫ്റ്റ് തുടങ്ങിയവയിൽ പരിശീലനം നൽകി. വിവിധ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിച്ചു. വിവിധ കലാമത്സരങ്ങളും ക്യാംപിന്റെ ഭാഗമായി അരങ്ങേറി.

ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളെജിലെ എൻസിസി ക്യാംപ് സന്ദർശിച്ച ഗ്രൂപ്പ് കമാൻഡർ കമഡോർ സൈമൺ മത്തായി അമർ ജവാൻ സന്ദർശിച്ചപ്പോൾ.

യുവാവിന്റെ മരണത്തിൽ ദുരൂഹത; സത്യാവസ്ഥ തേടി കുടുംബം

യുവാവ് മരിച്ചത് തലക്കേറ്റ ക്ഷതം മൂലമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്

അന്തിക്കാട്: പോളണ്ടിൽ ജോലിക്കായി പോയി ദുരൂഹ സാഹചര്യത്തിൽ മരിച്ച പെരിങ്ങോട്ടുകര സ്വദേശിയായ 23കാരന്റെ മരണത്തിന്റെ സത്യാവസ്ഥ തേടി കുടുംബം. സാധാരണ മരണം എന്ന രീതിയിൽ വിധിയെഴുതി പോസ്റ്റ്മോർട്ടം ചെയ്യാതെ കയറ്റി അയച്ച ആഷിക് രഘു എന്ന യുവാവിന്റെ മൃതദേഹം സംശയം തോന്നിയ പിതാവ് നാട്ടിൽ പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കിയപ്പോൾ തലക്കേറ്റ ക്ഷതമാണ് മരണ കാരണമെന്ന് കണ്ടെത്തി.

സുഹൃത്തുക്കൾക്കൊപ്പം നടന്ന ആഘോഷത്തിൽ ഉണ്ടായ പ്രശ്നങ്ങളാണ് മകന്റെ മരണത്തിനു പിന്നിലെന്നും ഇവരെ വിശദമായി ചോദ്യം ചെയ്താൽ സത്യാവസ്ഥ പുറത്തുവരുമെന്നും കുടുംബം പറയുന്നു. പെരിങ്ങോട്ടുകര സ്വദേശികളായ അമ്പാട്ട് വീട്ടിൽ അഭിലാഷ് - ബിന്ദു ദമ്പതികളുടെ 2 മക്കളിൽ ഒരാളാണ് മരിച്ച ആഷിക് രഘു.

ഒരു വർഷം മുമ്പ് അയൽവാസിയായ യുവാവ് മുഖേന ആഷിക് പോളണ്ടിലെത്തി. തുടക്കം റെസ്റ്റോറന്റിൽ ജീവനക്കാരനായിട്ടായിരുന്നു. തുടർന്ന് പഴ വർഗങ്ങൾ പായ്ക്ക് ചെയ്യുന്ന കമ്പനിയിൽ പാക്കിങ് വിഭാഗത്തിൽ ജോലി ആരംഭിച്ചു. മരിക്കുന്നതിന് ഏതാനും മാസം മുമ്പ് ആഷിക് ഫുഡ് ഡെലിവറി ചെയ്യുന്ന ജോലി തുടങ്ങി.

ആഷിക്കിന്റെ ചിത്രത്തിനരികെ അച്ഛൻ അഭിലാഷും അമ്മ ബിന്ദുവും.

മലയാളികളായ രണ്ടു സുഹൃത്തുക്കൾക്കൊപ്പമാണ് ആഷിക് താമസിച്ചിരുന്നത്. ഏപ്രിൽ ഒന്നിന് ആഷിക് മരിച്ചതായി വീട്ടിൽ സന്ദേശമെത്തി. താമസസ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തിയെന്നാണ് സുഹൃത്തുക്കൾ ആദ്യം പറഞ്ഞത്. ഇതുപ്രകാരം സ്വാഭാവിക മരണമെന്ന് പോളണ്ടിലെ പ്രോസിക്യൂട്ടർ വിധിയെഴുതി പോസ്റ്റ്മോർട്ടം നടത്താതെ മൃതദേഹം കയറ്റി അയക്കുകയായിരുന്നു. ഇതിനിടയിൽ ആഷിക്കിന്റെ സുഹൃത്തുക്കളുടെ മൊഴിയിൽ വൈരുധ്യം കണ്ട പിതാവ് മൃതദേഹം നാട്ടിലെത്തുമ്പോൾ പോസ്റ്റ് മോർട്ടം ചെയ്യാനായി പൊലീസിൽ അപേക്ഷ നൽകി. ആഷിക്കിന്റെ മരണം നടന്ന ദിവസം ഏഴ് സുഹൃത്തുക്കൾ ചേർന്ന് പാർട്ടിയിൽ പങ്കെടുത്തതായും അവസാനം ഇവർ തമ്മിൽ പ്രശ്നങ്ങൾ നടന്നതായും സുഹൃത്തുക്കൾ മാറ്റി പറഞ്ഞെന്ന് കുടുംബം ആരോപിക്കുന്നു. 12 ന് നാട്ടിലെത്തിച്ച മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്തപ്പോൾ ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്ത് വന്നത്. തലക്കേറ്റ ക്ഷതമാണ് മരണ കാരണമെന്ന് പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ പറയുന്നു. ശരീരത്തിൽ അഞ്ചിടത്തായി പരുക്കുകളും കണ്ടെത്തി.

റീ പോസ്റ്റ്മോർട്ടം സാധ്യത കണക്കിലെടുത്ത് ദഹിപ്പിക്കുന്നതിനു പകരം ആഷിക്കിന്റെ മൃതദേഹം ലാലൂരിൽ മറവ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. മകന്റെ ദുരൂഹ മരണത്തിന്റെ പിന്നിലെ സത്യാവസ്ഥ സുഹൃത്തുക്കൾക്ക് അറിയാമെന്നാണ് കുടുംബം ഉറച്ച് വിശ്വസിക്കുന്നത്. ആഷിക്കിന്റെ ജീവൻ നഷ്ടപെട്ടതെങ്ങനെയെന്ന് കണ്ടെത്തണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ എംബസിയിൽ അഭിലാഷ് അപേക്ഷ നൽകിയിട്ടും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.

അനുസ്മരണ യോഗം

കൊടുങ്ങല്ലൂർ: പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അനുസ്മരണ യോഗം ഡി.സി.സി ജനറൽ സെക്രട്ടറി ടി.എം.നാസർ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് ഇ.എസ്. സാബു അധ്യക്ഷത വഹിച്ചു. കെ.പി.സുനിൽ കുമാർ, അഡ്വ.ഒ.എസ്. സുജിത്ത്, ഇ.എ അബ്ദുൾ കരീം, വി.എ.സുശീൽ കുമാർ,സുനിൽ കളരിക്കൽ,ആനന്ദ മേനോൻ, അഭിനവ് പ്രസംഗിച്ചു.



pnb Housing Finance Limited

രജിസ്റ്റേഡ് ഓഫീസ്: ബേതാം നില, അന്തരിക്ഷ് ഭവൻ, 22,കെ.ജി. മാർഗ്, ന്യൂഡൽഹി- 110001 , Ph: 011-23357171, 23357172, 23705414, Website: www.pnbhousing.com

തൃശൂർ ശാഖ: അമ്പാടിക്കല സവർ, 12/155/126, രണ്ടാം നില, സാജത് അമ്പൻ കോവിൽ സ്ട്രീറ്റ്, കോതപുരം ഓവർ ബ്രിഡ്ജിനു സമീപം, തൃശൂർ- 680004.

2002ലെ സെക്യൂരിറ്റൈസേഷൻ & റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്റ്റിന്റെ മുന്നാം അനുച്ഛേദം 13(2) വകുപ്പും, 2002ൽ ഭേദഗതി വെയ്ത സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളിലെ 3(1) ചട്ടവും പ്രകാരമുള്ള നോട്ടീസ്

പി.എൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് (തുടർന്ന് 'പി.എൻബി.എച്ച്.എഫ്.എൽ' എന്ന് സൂചിപ്പിക്കുന്നത്) എന്ന ഞങ്ങൾ, 2002ലെ സെക്യൂരിറ്റൈസേഷൻ & റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരി